**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2210** **11-10-2021 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് മണ്ഡലത്തിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അഴീക്കോട് മണ്ഡലത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഭക്ഷ്യപൊതുവിതരണ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിലാണ് നടത്തിവരുന്നത്. ദേശീയ ഭക്ഷ്യ ഭദ്രതാനിയമം 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തു- ന്നതിന്റെ ഭാഗമായി നടപ്പാക്കിയ വാതിൽപ്പടി വിതരണം, ഇ-പോസ് സ്ഥാപിക്കൽ, റേഷൻകട നവീകരണം, റേഷൻകടകൾ വഴിയുള്ള ശബരി ഉൽപ്പന്നങ്ങളുടെ വിൽപ്പന തുടങ്ങിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. അഴീക്കോട് നിയോജക മണ്ഡലത്തിലെ കമ്പിൽ മാവേലി സ്റ്റോർ മാവേലി സൂപ്പർ സ്റ്റോറായി ഉയർത്തി 30/10/2020 ന് പ്രവർത്തനം ആരംഭിക്കുകയും, നാറാത്ത് പഞ്ചായത്തിൽ കണ്ണാടി പറമ്പ് പ്രദേശത്ത് പുതിയ സപ്ലൈകോ വിൽപ്പനശാല അനുവദിച്ച് 12/08/2017 ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, അഴീക്കോട് മാവേലി സ്റ്റോർ കൂടുതൽ സൗകര്യപ്രദമായ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | 2022-2027 പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ താലൂക്കിലും വകുപ്പിന്റെ ഉടമസ്ഥതയിലുള്ള എൻ.എഫ്.എസ്.എ ഗോഡൗണുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, 6 മാസത്തിനുള്ളിൽ എല്ലാ നിയമസഭാ നിയോജക മണ്ഡലങ്ങളിലും സുഭിക്ഷാ ഹോട്ടൽ ആരംഭിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ